LIBRARY ARCHIVES Kerala Legislative Assembly

**പൂളക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി**

119 (3146) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ബഹു. ഹൈക്കോടതിയുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട പൂളക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി, സർക്കാർ നടപടി സ്വീകരിക്കാത്തതുകാരണം പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൂളക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 2-3-2016-ലെ സ.ഉ.(കൈ)നം.79/2016/ആഭ്യന്തരം പ്രകാരം മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള മുൻഗണനാലിസ്റ്റിൽ 47-ാമതായിട്ടാണ് തൃശ്ശൂർ ജില്ലയിലെ പൂളക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹു. കോടതിയുടെ ശിപാർശ പ്രകാരമാണ് പ്രസ്തുത മുൻഗണനാ ലിസ്റ്റിൽ നിന്നും കോടതികൾ അനുവദിക്കുന്നത്.

**കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ**

120 (3147) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ കോടതികളിൽ എത്ര ക്രിമിനൽ കേസ്സുകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

കേരളാ ഹൈക്കോടതിയിൽ 30-4-2021 വരെ 46356 ക്രിമിനൽ കേസ്സുകളും മറ്റ് കീഴ് കോടതികളിൽ 30-6-2021 വരെ 1610382 ക്രിമിനൽ കേസ്സുകളും തീർപ്പാകാതെ കിടക്കുന്നുണ്ട്.

(ബി) ശാസ്ത്രീയ പരിശോധന സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

പോക്സോ കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസമുണ്ടാകുന്നതിന് ഫോറൻസിക് ലബോറട്ടറികളിൽ നിന്നുള്ള റിപ്പോർട്ടുകൾ ലഭിക്കുന്നതിലെ കാലതാമസം ഒരു കാരണമാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. പോക്സോ നിയമത്തിനുകീഴിൽ ഹൈക്കോടതി സംഘടിപ്പിച്ചിട്ടുള്ള കമ്മിറ്റി നിലവിലെ അടിയന്തര സ്ഥിതി പരിഗണിച്ച് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനുമായി ചേർന്ന് ഫോറൻസിക് സയൻസ് ലാബിലെ സയന്റിഫിക് ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നകാര്യം പരിശോധിച്ചുവരുന്നു. ഫോറൻസിക് പരിശോധന